www.malankaralibrary.com

ജൂലൈ
2023
ലക്കം 7

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം




## ദൈവദാസൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 70–ാം ഓർമ്മ തിരുനാൾ

www.malankaralibrary.com



# എഡിറ്റോറിയൽ

**പദയാത്രയിതാ തീർത്ഥാടനമല്ലോ......**
**പാടാം സ്തുതി നമ്മൾ താതൻ മാർ ഈവാനിയോസ്..**

മലങ്കര സുറിയാനി കത്തോലിക്ക സഭയെ സംബന്ധിച്ചിടത്തോളം പുണ്യം പൂക്കുന്ന കാലമാണ് ജൂലൈ മാസം. അനുഗ്രഹങ്ങളുടെ വറ്റാത്ത കലവറയാണ് പട്ടത്ത് സ്ഥിതി ചെയ്യുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും അഭിവന്ദ്യ പിതാക്കന്മാരുടെയും കബർ ചാപ്പൽ.

ഓരോ വർഷങ്ങൾ കഴിയുംതോറും ജനപ്രവാഹം ഇവിടേക്ക് എത്തിച്ചേരുമ്പോൾ, വർഷങ്ങൾക്കു മുൻപ് വന്ദ്യ പിതാവ് പകർന്നുതന്ന ആത്മീയപാതയുടെ പിന്തുടർച്ച യാണ് കാണാൻ സാധിക്കുന്നത്. ശിഷ്യന്മാരെ തെരഞ്ഞെടുക്കുമ്പോൾ കർത്താവ് അവരോട് പറയുന്നുണ്ട് 'എന്നെ അനുഗമിക്കുക ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്ന വരാക്കും'. ക്രിസ്തുപാത പിൻചെന്നുകൊണ്ട് തനിക്ക് ഉണ്ടായിരുന്നതിനെയെല്ലാം ഉപേക്ഷിച്ച് സർവ്വസംഘപരിത്യാഗിയായി മുണ്ടൻ മലയിൽ നിന്ന് സുവിശേഷത്തിനായി ഇറങ്ങിത്തിരിച്ച വന്ദ്യ പിതാവ്.

കോവിഡിന്റെ വലിയ ഒരു നിശ്ചലനത്തിന് ശേഷവും ദൈവദാസൻ മാർ ഈവാ നിയോസ് പിതാവിന്റെ കബറിങ്കലേക്ക് തീർത്ഥാടന പദയാത്രയായി ദൈവജനം പ്രാർ ത്ഥനയോടുകൂടി സംബന്ധിച്ചത് കാണുമ്പോൾ സഭയ്ക്കും സമൂഹത്തിനും ഒരുപോലെ അഭിമാനകരവും വലിയൊരു മാതൃകയുമാണ് നാം പകർന്ന് നൽകുന്നത്.

ത്യാഗം എന്ന വലിയൊരു ആയുധം മുറുകെപ്പിടിച്ചുകൊണ്ട് റാന്നി പെരുന്നാട് മുണ്ടൻ മലയിൽ നിന്നും പട്ടം വരെ നീണ്ടുനിന്ന അഞ്ചു ദിവസത്തെ പദയാത്രയുടെ ദൈർഘ്യം പദയാത്രികരിൽ വലിയൊരു അനുഭവവും അതിലുപരി അനുഗ്രഹവുമായി തീർന്നു. ക്രിസ്തീയ സന്യാസം കേവലം ത്യാഗമല്ല അത് ദൈവസമ്പാദനം ആകുന്നു എന്ന വലിയൊരു തെളിവുകൂടിയാണ് ഈ പദയാത്ര. വന്ദ്യ പിതാവ് പകർന്നുനൽകിയ ആത്മീയതയുടെ നിറവിൽ നിന്നുകൊണ്ട് മലങ്കര സഭയെ ഒന്നാകെ ആ പുണ്യവാന്റെ പ്രാർത്ഥനാ ചൈതന്യത്തിനായി മുന്നോട്ടു ചുവടുകൾ വച്ചപ്പോൾ ശാരീരികവും മാന സികവുമായ യാതൊരു ബുദ്ധിമുട്ടുകളെയും വകവയ്ക്കാതെ പ്രാർത്ഥനാ ഗീതങ്ങൾ ഉരുവിട്ടുകൊണ്ട് പട്ടം കബറിൽ എത്തിച്ചേരുകയായിരുന്നു. ഭാരതത്തിന്റെ നാനാഭാഗ ത്തുനിന്നും കടന്നുവന്ന വ്യത്യസ്തമായ മനുഷ്യമനസ്സുകൾ ഒന്നായി, ഒരു കുടുംബ മായി മുന്നോട്ട് നടന്നുനീങ്ങി...

വെയിലെന്നോ മഴയെന്നോ നോക്കാതെ ഓരോ കാൽവെയ്പ്പുകളും ഓരോ നിയോ ഗങ്ങളായി മാറി...... പദയാത്രയുടെ ലക്ഷ്യമായ പട്ടം കബറിൽ എത്തിച്ചേർന്നപ്പോൾ ഈ പദയാത്ര സമൂഹത്തിന് വലിയൊരു അനുഗ്രഹമായിത്തീരുവാൻ അതിനുവേണ്ടി പ്രാർത്ഥിക്കുവാൻ കടന്നുവന്നത് ആയിരങ്ങളാണ് ഓരോ പ്രാർത്ഥനകളും സ്വർഗ്ഗത്തി ലേക്ക് ഉയരുമ്പോൾ വചനം നമ്മെ ഇപ്രകാരം ഓർമിപ്പിക്കുന്നു

**"നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹമാണ്"** (സുഭാ. 10.7)



സ്നേഹപൂർവ്വം
**സുബിൻ തോമസ്**
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ

www.malankaralibrary.com



# Presidential Desk

സ്വർഗ്ഗം കൃപയോടെ അനുഗ്രഹിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് സംഭാവന ചെയ്ത പുണ്യപുഷ്പമാണ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി. ഒരു സഭയുടെതന്നെ കെട്ടുറപ്പിനും ദീർഘവീക്ഷണത്തോടെയുള്ള വളർച്ചയ്ക്കും കാരണമായി മാറിയ ആ വന്ദ്യതാതന്റെ ഓർമ്മത്തിരുനാളിന്റെ സ്മരണകൾ അയവിറക്കുമ്പോൾ, ലോകം കാണിച്ചുതരുന്ന അനേകം അത്ഭുതസാക്ഷ്യങ്ങൾ ആ പുണ്യപിതാവിന്റെ വിശുദ്ധിയുടെ അങ്ങേയറ്റത്തെ അടയാളമാണെന്ന് പറയാതിരിക്കാൻ കഴിയില്ല.

ജീവിതത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്ക് അനുസരിച്ച് തിരക്കിട്ടോടുന്ന ഒരു പുതിയ തലമുറ, തനിക്ക് സ്വന്തമായിട്ടുള്ളതെല്ലാം ഉപേക്ഷിച്ചു അബ്രഹാമിനെ പോലെ, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് വേണ്ടി ഓടും പാവും നെയ്യാൻ വന്ന ആ പുണ്യതാതന്റെ ജീവിതത്തിലൂടെ കണ്ണോടിക്കുന്നത് ഏറെ ഉചിതമായിരിക്കും. ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനമാണെന്ന് ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലൂടെ വരച്ചു കാട്ടിത്തരുവാൻ ഒരു മനുഷ്യസ്നേഹിക്ക് സാധിക്കുന്നുണ്ടെങ്കിൽ, ആ വ്യക്തി തീർത്തും ദൈവതുല്യനാണ്. മഹദ്വചനങ്ങൾ കൊണ്ട് ജീവിതം ധന്യമാക്കിയ അനേകം വ്യക്തികളെ നമ്മൾ കണ്ടുമുട്ടാറുണ്ട്. അത്തരം വ്യക്തികളുടെ ജീവിതത്തിലൂടെയും സാഹചര്യങ്ങളിലൂടെയും കടന്നുചെന്നുകൊണ്ട്, ആർഷഭാരത സംസ്കാരത്തിന്റെ എല്ലാ നല്ല മൂല്യങ്ങളും ഉയർത്തിപ്പിടിച്ച് താൻ സംരക്ഷിക്കാൻ ഉത്തരവാദിത്തപ്പെട്ടിരിക്കുന്ന സഭയുടെ എല്ലാ മേഖലകളെയും ശ്രേഷ്ഠകരമാക്കിയ വന്ദ്യ താതനാണ് മാർ ഈവാനിയോസ് തിരുമേനി. ആയിരക്കണക്കിന് വ്യക്തികൾ തങ്ങളുടെ കാലുകളെ ഒരു വ്യക്തിയുടെ കബറിടത്തിലേക്കുള്ള യാത്രയ്ക്ക് കാരണമാക്കുമ്പോൾ, അവിടെ എന്തോ ഒരു പ്രത്യേകത, ആഗ്രഹിക്കുന്നതിനപ്പുറം ഒരു ശാന്തത ലഭിക്കുന്നുണ്ടെന്ന് വ്യക്തമായി നമുക്ക് മനസ്സിലാക്കാം.

പ്രിയ യുവജനങ്ങളെ നമ്മൾ പലപ്പോഴും പലതിനും വേണ്ടി തിടുക്കം കൂട്ടുന്നവരാണ്, പക്ഷേ സഭയെ സ്നേഹിക്കുവാനോ സഭയെ പിഞ്ചെല്ലുവാനോ കാണിക്കുന്ന താൽപര്യം മറ്റെന്തിനെയുംകാൾ പുറകിലാണ് എന്ന് മനസ്സിലാക്കുന്നു. എന്നെ ക്രിസ്തുവിലേക്ക് എത്തിക്കുവാൻ, തീർത്തും ജീവിതം സമർപ്പിച്ച ആ തിരുമേനിയുടെ മാധ്യസ്ഥം എനിക്കും നിങ്ങൾക്കും നിരന്തരം കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ ചെറിയ നാളുകൾക്കിടയിലും ഒരു ആത്മാവിനെ നേടുവാനുള്ള ഓട്ടം എത്രയും വിജയകരമായി പൂർത്തിയാക്കുവാൻ നമുക്കും പരിശ്രമിക്കാം. ഭാഗ്യങ്ങളുടെ കലവറയിൽ നിന്ന് ശക്തി സ്വീകരിച്ചുകൊണ്ട് നമുക്കും യാത്ര തുടരാം...

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



**സുബിൻതോമസ്**
സഭാതല ജനറൽ സെക്രട്ടറി

# ഭാഗ്യങ്ങളുടെ കലവറയിലേയ്ക്ക് ഒരു തീർത്ഥാടനം

**ദൈ**വദാസൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 70-ാം ശ്രാദ്ധപെരുന്നാളിനോടനുബന്ധിച്ച് റാന്നി പെരുന്നാട്ടിൽ നിന്നാരംഭിച്ച് പട്ടം കബറിങ്കലെത്തിച്ചേർന്ന 43-ാമത് തീർത്ഥാടന പദയാത്ര മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കൾക്ക് ദൈവാനുഗ്രഹത്തിന്റ വലിയ ദിനങ്ങൾ ആയിരുന്നു. വള്ളിക്കുരിശും പേറി കാഷായ വസ്ത്രം ധരിച്ച് നടന്നു നീങ്ങിയ തീർത്ഥാടനം കടന്നുപോയ വഴിത്താരകളിൽ അനുഗ്രഹത്തിന്റെ സാക്ഷ്യംക്കൂടിയായിരുന്നു.

മലങ്കരയുടെ ആധ്യാത്മിക നവോത്ഥാടനത്തിന് തുടക്കമിട്ട ബഥനി മലയിൽ നിന്ന് തുടങ്ങിയ പ്രയാണം മാർ ഈവാനിയോസ് തിരുമേനി യാത്ര ചെയ്ത അതെ വഴികളിലൂടെ 5 ദിനങ്ങൾ താണ്ടി പിതാവിന്റെ ഭൗതിക ശരീരം അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിലേക്ക്... കാഷായ വസ്ത്രധാരികളായി പ്രാർത്ഥനാ മഞ്ജരികളുരുവിട്ട് ആയിരക്കണക്കിന് സഭാമക്കൾ ഒരേ



www.malankaralibrary.com

മനസ്സോടെ ഒരു നിരയായി അണിനിരന്നത് കോവിഡാനന്തര കാലഘട്ടത്തിന്റെ ആത്മീയ ഉണർവിന്റെ ഒരു സജീവ സാക്ഷ്യം കൂടിയായിരുന്നു. വള്ളിക്കുരിശിനും അഭിവന്ദ്യ പിതാക്കന്മാർക്കും പിന്നിലായി മലങ്കര മക്കൾ അണിനിരന്നത് സഭൈക്യത്തിന്റെയും കൂട്ടായ്മയുടേയും അനന്യമായ ഒരു തീർത്ഥാടനത്തിന്റെ സാക്ഷ്യമായിരുന്നു. ഈ അനുഗ്രഹീത തീർത്ഥാടനത്തിന് നേതൃത്വം നൽകാൻ നിയോഗം ലഭിച്ചത് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ആയിരുന്നു.

കോവിഡ്-19 മഹാമാരിയുടെ 3 വർഷത്തെ ഇടവേളയ്ക്കുശേഷമാണ് തീർത്ഥാടന പദയാത്ര പുനരാരംഭിച്ചത്. ഏറെ ആവേശത്തോടും എന്നാൽ ആത്മീയവും, ഭൗതികവുമായ ഒരുക്കത്തോടുമായിരുന്നു യുവജനങ്ങൾ ഈ നേതൃത്വ ശുശ്രൂഷ ഏറ്റെടുത്തത്. റാന്നി-പെരുന്നാടു നിന്നാരംഭിക്കുന്ന പ്രധാനപദയാത്രയുടെ ക്രമീകരണങ്ങളുടെ ഒരുക്കത്തിനായി ഏപ്രിൽ 29-ാം തീയതി ഉച്ചയ്ക്കുശേഷം പത്തനംതിട്ട ബിഷപ്പ് ഹൗസിൽ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ വിളിച്ചുചേർത്ത ആലോചനായോഗത്തിൽ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യുസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പാ, വന്ദ്യ. ജോൺ തുണ്ടിയത്ത് കോറെപ്പിസ്കോപ്പ, മോൺ. തോമസ് കയ്യാലക്കൽ, സഭാതല, തിരുവനന്തപുരം, പത്തനംതിട്ട ഭദ്രാസന ഡയറക്ടറച്ചന്മാരും ഭാരവാഹികളും പങ്കെടുത്തു. അവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ഒരുക്കങ്ങൾ ആരംഭിക്കുകയും ചെയ്തു.

അത്യഭിവന്ദ്യ ബാവാ തിരുമനസ്സിന്റെ പ്രത്യേക നിർദ്ദേശപ്രകാരം പദയാത്രയ്ക്ക് നേതൃത്വം നൽകുന്നവരുടെ ആത്മീയ ഒരുക്കത്തിനായി ജൂൺ 28 രാവിലെ 10 മണി മുതൽ പട്ടം കബർചാപ്പലിൽ സഭാതല ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചന്റെ നേതൃത്വത്തിൽ പ്രത്യേകം പ്രാർത്ഥനാദിനം ആചരിച്ചു. സഭാതല ഭാരവാഹികളോടൊപ്പം തിരുവനന്തപുരം മേജർ അതിഭദ്രാസന ഭാരവാഹികളും, പത്തനംതിട്ട ഭദ്രാസന ഭാരവാഹികളും ഒരുക്കധ്യാനത്തിൽ പങ്കുചേർന്നു. പ്രാർത്ഥനയ്ക്ക് ശേഷം അതുവരെ നടത്തിയ ക്രമീകരണങ്ങളുടെ വിലയിരുത്തലും നടത്തി. സഭാതല മുൻഡയറക്ടർ വന്ദ്യ തോമസ് കയ്യാലയ്ക്കലച്ചൻ പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ചു. അതോടോപ്പം പദയാത്രയുടെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട ആലോചനയ്ക്ക് വിവിധ ദിവസങ്ങളിൽ സഭാതല സമിതിയുടെ നേതൃത്വത്തിൽ ഓൺലൈൻ മീറ്റിങ്ങുകളും നടത്തി.

ജൂലൈ 9-ാം തീയതി വൈകുന്നേരം 5.30ന് പെരുന്നാട് കുരിശുമല ദൈവാലയത്തിൽ കുരിശിന്റെ വഴിയും, സന്ധ്യാ പ്രാർത്ഥനയും, ഒരുക്ക ധ്യാനവും നടത്തപ്പെട്ടു. ഒരു ധ്യാനത്തിന് ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി നേതൃത്വം നൽകി. ജൂലൈ 10-ാം തീയതി രാവിലെ 6.30ന് മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ റാന്നി-പെരുന്നാട് കുരിശുമല ദൈവാലയത്തിൽ ആരംഭിച്ച വിശുദ്ധ കുർബാനയിൽ പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ സാമുവൽ മാർ ഐറേനിയസ്, ഡൽഹി-ഗുഡ്ഗാവ് ഭദ്രാസന അധ്യക്ഷൻ തോമസ് മാർ അന്തോണിയോസ്, പൂത്തൂർ ഭദ്രാസന അധ്യക്ഷൻ ഗീവർഗീസ് മാർ മക്കാറിയോസ്, യുവജന കമ്മീഷൻ ചെയർമാൻ മാത്യൂസ് മാർ പോളികാർപ്പസ്, കൂരിയാ മെത്രാൻ ആന്റണി മാർ സിൽവാനോസ്, പത്തനംതിട്ട ഭദ്രാസന മുൻ അധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ പിതാക്കന്മാർ സഹകാർമ്മികരായിരുന്നു. പ്രഭാത ഭക്ഷണത്തിനു ശേഷം അഭിവന്ദ്യ കാതോലിക്കാ ബാവാ തീർത്ഥാടന പദയാത്ര ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. സഭാതല ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ പദയാത്രയുടെ പൊതു ക്രമീകരണങ്ങളെക്കുറിച്ചും പദയാത്രികൾ പാലിക്കേണ്ട അച്ചടക്കത്തെക്കുറിച്ചും അറിയിപ്പ് നൽകി. തുടർന്ന് അത്യഭിവന്ദ്യ ബാവാതിരുമേനി പദയാത്രയ്ക്കുള്ള വള്ളിക്കുരിശ് ആശീർവദിച്ചു. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് വള്ളിക്കുരിശും, സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി കാതോലിക്കാ പതാകയും, പത്തനംതിട്ട ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എം.സി.വൈ.എം. പതാകയും കാതോലിക്കാ ബാവായിൽ നിന്ന് ഏറ്റു വാങ്ങി.

ജൂലൈ 10 രാവിലെ 9.30 ന് പെരുന്നാട്ടിൽ നിന്ന് ആരംഭിച്ച പദയാത്ര ആദ്യദിവസം വടശ്ശേരിക്കര, മണ്ണാറക്കുളഞ്ഞി, മൈലപ്ര, പത്തനംതിട്ട കത്തീഡ്രൽ എന്നീ ദൈവാലയങ്ങളിൽ സന്ദർശിച്ച് പുത്തൻപീടിക ദൈവാലയത്തിൽ സമാപിച്ചു. രണ്ടാ ദിവസം പുത്തൻപീടിക ദൈവാലയത്തിൽ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വി. കുർബാനയോടെ ആരംഭിച്ച പദയാത്ര ഓമല്ലൂർ, കൈപ്പട്ടൂർ, ചന്ദനപ്പള്ളി, കൊടുമൺ, അടൂർ, പുതുശ്ശേരി ഭാഗം, എന്നീ ദൈവാലയങ്ങൾ സന്ദർശിച്ച് കലയപുരം ബഥനി സ്കൂളിൽ സമാപിച്ചു. മൂവാറ്റുപുഴ, തിരുവല്ല ഭദ്രാസനങ്ങളിൽ നിന്നാരംഭിച്ച പദയാത്രകളും അന്നേദിവസം പ്രധാന പദയാത്രയുമായി സംഗമിച്ചു.

മൂന്നാം ദിവസം കലയപുരം ദൈവാലയത്തിൽ സഭാതല ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചന്റെ

www.malankaralibrary.com

മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വി. ബലിയോടെ ആരംഭിച്ച പദയാത്ര മൈലം, കിഴക്കേത്തെരുവ്, കരിക്കം എന്നീ ദൈവാലയങ്ങൾ സന്ദർശിച്ച് ആയൂർ ദൈവാലയത്തിൽ സമാപിച്ചു. നാലാം ദിവസം ആയൂർ ദൈവാലയത്തിൽ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വി. ബലിയോടെ ആരംഭിച്ച പദയാത്ര നിലമേൽ, തട്ടത്തുമല, പാപ്പാല, കാരേറ്റ് എന്നീ ദൈവാലയങ്ങൾ സന്ദർശിച്ച് പിരപ്പൻകോട് ദൈവാലയത്തിൽ സമാപിച്ചു.

അഞ്ചാം ദിവസം രാവിലെ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വി. ബലിയെത്തുടർന്ന് തീർത്ഥാടകർ പദയാത്ര അനുഭവങ്ങൾ പങ്കുവച്ചു. 9.30 ആരംഭിച്ച അവസാന ദിവസത്തെ പദയാത്ര മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, നാലാഞ്ചിറ ബഥനി ആശ്രമം എന്നിവ സന്ദർശിച്ച് വൈകിട്ട് 5.40 ന് മലങ്കര സഭയുടെ ഭാഗ്യങ്ങളുടെ കലവറയായ പട്ടം കബർ ചാപ്പലിൽ എത്തിച്ചേർന്നു. അന്നേദിവസം, ബത്തേരി, പുത്തൂർ, കട്കി, ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്ന് വന്ന പദയാത്രികരും പ്രധാന പദയാത്രയുമായി സംഗമിച്ചു. പദയാത്രയുടെ വിവിധ ദിവസങ്ങളിൽ പത്തനംതിട്ട ഭദ്രാസനത്തിലേയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലേയും വിവിധ വൈദികജില്ലകളുടെ നേതൃത്വത്തിൽ ആരംഭിച്ച പദയാത്രകളും പ്രദാനപദയാത്രയുമായി വിവിധ സ്ഥലങ്ങളിൽ സംഗമിച്ചു.

പ്രധാന പദയാത്ര കബർ ചാപ്പലിൽ എത്തിച്ചേർന്നപ്പോൾ വള്ളിക്കുരിശ് തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.വൈ.എം. പ്രസിഡന്റ് രഞ്ജിത ആർ.ജെ.യും കാതോലിക്കാ പാതാക എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ഏയ്ഞ്ചൽ മേരിയും, എം.സി.വൈ.എം. പതാക തിരുവനന്തപുരം മേജർ അതിഭദ്രാസന ജനറൽ സെക്രട്ടറി ബിനോ ഗിൽബർട്ടും വഹിച്ചു. തീർത്ഥാടകരെ സഭയുടെ തലവനും പിതാവുമായ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ കബറിന്റെ പ്രധാന കവാടത്തിൽ സ്വീകരിച്ചു. തുടർന്ന് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന സന്ധ്യാപ്രാർത്ഥനയിലും മെഴുകുതിരി പ്രദക്ഷിണ നേർച്ചയിലും തീർത്ഥാടകർ പങ്കെടുത്തു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ധാരാളം പദയാത്രികർ പ്രധാന പദയാത്രയിൽ അണിചേർന്നപ്പോൾ വിവിധ ഭാഷകളുടേയും സംസ്ക്കാരങ്ങളും സംഗമവേദിയായി തീർത്ഥാടന പദയാത്ര മാറിയിരുന്നു. സഭാതലവനോടൊപ്പം അഭിവന്ദ്യ പിതാക്കന്മാരും, ബഹു. വൈദികരും, സന്യസ്തരും, പ്രായമായവരും കുഞ്ഞുങ്ങളും, മാതാപിതാക്കളും, യുവജനങ്ങളും, ഒരേ മനസ്സോടെ പദയാത്രയിൽ അണിനിരന്നപ്പോൾ ഒരു വ്യക്തിഗത സഭയുടെ ആത്മീക ചൈതന്യത്തിന്റേയും സഭാത്മക ശിക്ഷണത്തിന്റേയും നേർസാക്ഷ്യമായിരുന്നു. പദയാത്രയുടെ ആദ്യാന്ത്യം പ്രാർത്ഥനയുടെ ചൈതന്യം നിലനിർത്താൻ സാധിച്ചത് വലിയൊരു സാക്ഷ്യമായിരുന്നു. വ്രതാനുഷ്ഠാനത്തോടും നിയോഗശുദ്ധിയോടും ത്യാഗനിർഭരമായും ആയിരങ്ങൾ പങ്കുചേർന്ന തീർത്ഥാടന പദയാത്ര സഭയ്ക്ക് മുഴുവൻ അനുഗ്രഹത്തിന്റെ അവസരമായിരുന്നു.

മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം ഏറ്റെടുത്ത ഈ നിയോഗത്തിൽ കൂടെ നിന്ന് പിന്തുണച്ച എല്ലാവരേയും ചെറുതും വലുതുമായ സഹായങ്ങൾ നൽകിയ ഏവരേയും എം.സി.വൈ.എം. പ്രസ്ഥാനത്തിന്റെ പേരിൽ ഇത്തരുണത്തിൽ കൃതജ്ഞതാപൂർവം ഓർക്കുന്നു.

സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, ജനറൽ സെക്രട്ടറി സുബിൻ തോമസ്, തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽകടയിൽ, അസ്സി. ഡയറക്ടർ ഫാ. അലോഷ്യസ് തെക്കേടത്ത്, മേജർ അതിഭദ്രാസന പ്രസിഡൻറ് രഞ്ജിത ആർ. ജെ., ജനറൽ സെക്രട്ടറി ബിനോ ഗിൽബർട്ട്, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസ്സി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പൂളിമൂടൻ, ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവരുടെ നേതൃത്വത്തിലുള്ള സമിതികളാണ് പ്രധാന തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകിയത്. പദയാത്രയിൽ പങ്കാളിത്തംകൊണ്ടും പിൻതുണകൊണ്ടും കൂടെയായിരുന്ന പത്തനംതിട്ട വികാരി ജനറാൾ മോൺ. വർഗീസ് കാലായിൽവടക്കേതിൽ, തിരുവനന്തപുരം വികാരി ജനറാൾ വന്ദ്യ മോൺ. വർക്കി ആറ്റുപുറത്ത് കോറെപ്പിസ്ക്കോപ്പാ, മോൺ. തോമസ് കയ്യാലയ്ക്കൽ എന്നിവരെ പ്രത്യേകം നന്ദിപൂർവം അനുസ്മരിക്കുന്നു. എല്ലാറ്റിനുമുപരി ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് വന്ന് പദയാത്രയിൽ ഭക്തിപൂർവം പങ്കുചേർന്ന തീർത്ഥാടകരെ യുവജന പ്രസ്ഥാനത്തിന്റെ പേരിൽ കൃതജ്ഞതാപൂർവം ഓർക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വാർഷിക തീർത്ഥാടനമായ മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്ര വരുംവർഷങ്ങളിൽ ഏറെ അനുഗ്രഹീതമായി നടക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com




# മലങ്കരയുടെ മഹാരഥൻ



**ജൂലി യോഹന്നാൻ**
സെക്രട്ടറി
എം.സി.വൈ.എം., മാവേലിക്കര ഭദ്രാസനം

മലങ്കരയുടെ മഹാരഥൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ മാവേലിക്കരയിൽ നിന്നും പട്ടം കബറിങ്കലേക്ക് 6 ദിവസം നീണ്ടു നിന്ന തീർത്ഥാടന പദയാത്ര.

പിതാവിന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ മാവേലിക്കരയുടെ മണ്ണിൽ നിന്നും പദയാത്രികരായി ഇറങ്ങാൻ കഴിഞ്ഞതിൽ അത്യധികം സന്തോഷിക്കുന്നു. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി പ്രതിനിധിയായി പദയാത്രയ്ക്ക് നേതൃത്വം നൽകാൻ സാധിച്ചതിൽ ഞാൻ ഏറേ അഭിമാനിക്കുന്നു.

യാത്രകൾ എന്നും ഏവർക്കും പ്രിയപ്പെട്ടതാണ്. ഒരു പുതു അനുഭവം ഉളവാക്കുന്നത്. യാത്രകൾ പലതും പോയിട്ടുണ്ടെങ്കിലും മനസ്സുനിറയെ പ്രാർത്ഥനയും സന്തോഷവും കണ്ണീരും നിറഞ്ഞ യാത്ര ഇതാദ്യം. ഹൃദയത്തിന്റെ നൊമ്പരങ്ങളും നോവുകളും പ്രാർത്ഥനയായി ഉയർന്ന പുണ്യയാത്ര.

പുണ്യങ്ങൾ പൂക്കുന്ന ജൂലൈ മാസത്തിൽ ദൈവം നമുക്കായി തന്ന പുണ്യത്മാവിന്റെ കബറിടം ദർശിക്കാൻ മാവേലിക്കരയുടെ മണ്ണിൽ നിന്നുമുള്ള ഒരു യാത്ര. 6 ദിവസം നീണ്ടു നിന്ന പദയാത്ര. ദൂരങ്ങൾ ഏറെ താണ്ടണം. ഓരോ ദിവസം പിന്നിടുമ്പോഴും എനിക്ക് അത്ഭുതമായിരുന്നു, ഞാൻ ഇത്രയും ദൂരം സഞ്ചരിച്ചോ എന്ന്. ജീവിതത്തിന്റെ ഒരു നവ അനുഭവമായിരുന്നു ആദ്യവസാനം പദയാത്രയിൽ പങ്കെടുത്തത്.

www.malankaralibrary.com




പിതാവിനാൽ ആശീർവദിക്കപ്പെട്ട പദയാത്രയുമായി പല ഇടവക സമൂഹങ്ങളിൽ നിന്നും ആരംഭിച്ച പദയാത്ര കൂടിച്ചേർന്നു. പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ കൊല്ലം തങ്കശ്ശേരി അരമനയിൽ നിന്നും ആരംഭിച്ച കൊല്ലം വൈദിക ജില്ലയുടെ പദയാത്ര നല്ലില ജംഗ്ഷനിൽ വച്ച് സംഗമിച്ചു. അങ്ങനെ പദയാത്രയുടെ ഓരോ ദിനവും ഓരോ അനുഭവങ്ങളായിരുന്നു. പദയാത്രയുടെ പൂർണ്ണതയ്ക്ക് വേണ്ടി ഓടിനടന്ന ഞങ്ങളുടെ പൂർവ്വകാല എം.സി.വൈ.എം. നേതാക്കൾ, അവർ ഞങ്ങൾക്ക് എപ്പോഴും ഒരു പ്രചോദനമായിരുന്നു ധൈര്യമായിരുന്നു. നന്ദിയോടെ അവരെ ഓർക്കുന്നു.

മനസ്സുകൊണ്ട് തളർന്നില്ലെങ്കിലും ശാരീരികമായി തളർന്നുപോയ പല സന്ദർഭങ്ങൾ... പൂർത്തീകരിക്കാൻ കഴിയുമോയെന്ന് ഭയന്നുപോയ നിമിഷങ്ങൾ... പക്ഷെ തളർന്നില്ല തളരാൻ അനുവദിച്ചില്ല എന്നതാണ് സത്യം. മനസ്സിനും ശരീരത്തിനും ധൈര്യം തന്നുകൊണ്ട് കൂടെ ചേർത്തു നിർത്തിയ ഡെന്നീസച്ചൻ മറ്റ് വൈദിക ശ്രേഷ്ഠർ, സിസ്റ്റർ പിന്നെ കൂടപ്പിറപ്പുകളെ പോലെ കൂടെ നിന്ന ഒരുപാട് പേർ...

നിയോഗങ്ങളെ മനസ്സിൽ ധ്യാനിച്ച് പ്രാർത്ഥന മന്ത്രങ്ങൾ ഉരുവിട്ട് കൊണ്ട് നടന്നുനീങ്ങിയ വീഥികൾ. 6 ദിവസങ്ങൾ നീളുന്ന പദയാത്രയിൽ എന്റെ മനസ്സിൽ എപ്പോഴും നിറയുന്നത് ഒന്നുമാത്രം. 6 വർഷമായി എന്നു മാത്രം... കണ്ണീരിൽ കുതിർന്ന പലദിനരാത്രങ്ങൾക്കുള്ള ഉത്തരം കിട്ടാനുള്ള യാത്ര .....

ഓരോ പദയാത്രികനും പറയാനുണ്ട്.... അവരുടെ ജീവത ഭാരങ്ങളുടെ, നോവുകളുടെ കഥകൾ... ആഗ്രഹ സഫലീകരണത്തിന്റെ കഥകൾ....

കത്തുന്ന വെയിലോ തോരാതെ പെയ്ത മഴയോ ആർക്കും ഒരു പ്രശ്നമായിരുന്നില്ല. സൂര്യൻ മനഃസാക്ഷിയില്ലാതെ ഞങ്ങളുടെ കൂടെ നടന്നെങ്കിലും തളരാൻ ഒരു പദയാത്രികനും തയ്യാറല്ലായിരുന്നു. അവരുടെ ലക്ഷ്യം ഒന്നു മാത്രം.... ഞങ്ങളുടെ പിതാവിന്റെ കബറിടം...

ഹൃദയം തകരുന്ന വേദനയിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേയെന്ന് മനസ്സുരുകി പ്രാർത്ഥിക്കുമ്പോൾ കിട്ടുന്ന നിറവ്..... സന്തോഷം.... അത് അനുഭവിച്ചറിഞ്ഞവർക്കേ മനസ്സിലാകൂ...

അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

പദയാത്രയുടെ അവസാന ദിവസം...... മറക്കില്ല ആ ദിനം ഒരിക്കലും. ജീവിതത്തിൽ ഏറെ സന്തോഷിച്ചതും ദുഃഖിച്ചതുമായ ദിവസം.... 130 ൽ അധികം കിലോ മീറ്ററുകൾ പിന്നിട്ട് പുണ്യപിതാവിന്റെ കബറിടത്തിൽ വന്നണഞ്ഞപ്പോൾ കിട്ടിയ ആത്മസംതൃപ്തി, സന്തോഷം അതിരുകളില്ലാത്തതായിരുന്നു..... വിവരിക്കാവുന്നതിലും അപ്പുറം......

പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും വള്ളിക്കുരിശ് കൈയിലേന്തി ജൂലൈ 14 ന് അത് പുണ്യപിതാവിന്റെ കബറിടത്തിൽ വച്ച് പുറത്തേക്കിറങ്ങിയപ്പോൾ വള്ളിക്കുരിശ് വഹിച്ച പ്രസിഡന്റിന്റെ കണ്ണിൽ നിന്നും വീണ കണ്ണീർ മതി ഈ പദയാത്ര ഞങ്ങൾക്ക് ഏത്ര അമൂല്യമേറിയതും ശ്രേഷ്ഠമായതുമാണെന്ന് മനസ്സിലാക്കാൻ...... ഞങ്ങളുടെ പല രാത്രികളും പകലുകളായി മാറിയതിന്റെ ഫലമാണ് മാവേലിക്കര ഭദ്രാസനത്തിന്റെ പദയാത്ര.

ഇനി എന്ന് ഇതുപോലൊരു പദയാത്ര കൂടാൻ സാധിക്കുമെന്ന് അറിയില്ല. പക്ഷെ ഒന്ന് അറിയാം മാർ ഈവാനിയോസ് പിതാവ് എന്റെ കൂടെ ഞങ്ങളുടെ കൂടെ എന്നും എപ്പോഴും കാണുമെന്ന് മാത്രം.

www.malankaralibrary.com



# മലങ്കരയുടെ സൂര്യതേജസ്സ്



**നീതു മാത്യു**
സെക്രട്ടറി
എം.സി.വൈ.എം., കുമിളി മേഖല

മലങ്കര സഭയുടെ ചരിത്രത്തിൽ ഒരു ജ്യോതിർഗോളം പോലെ ഉദിച്ചുയർന്ന് ഭാരത മണ്ണിൽ ക്രൈസ്തവ സാക്ഷ്യത്തിന്റെ ആധികാരികവും ചരിത്രപരവുമായ സാക്ഷ്യം നൽകി ഭാരത സഭയുടെ വിശ്വാസ ജീവിതത്തിൽ ദൈവീകമായ ദിശാബോധം നൽകിയ ആത്മീയ ആചാര്യനായിരുന്നു ദൈവദാസൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ ഏശയ്യായെ പോലെ ദൈവ നിയോഗം പേറി വന്ന് ചരിത്രത്തിന്റെ താളുകളിൽ സഭൈക്യത്തിന്റെ വക്താവും പ്രതിരൂപവുമായി തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ട പുണ്യപുരുഷൻ. വിപ്ലവകരമായ ദർശനങ്ങൾ കൊണ്ട് തന്റെ സമകാലിക സമൂഹത്തെ പരിവർത്തനപ്പെടുത്താൻ മാത്രമല്ല, വരും തലമുറയ്ക്ക് മാർഗദർശനം നൽകിയ മലങ്കരയുടെ സൂര്യതേജസ്സ് - ദൈവദാസൻ മാർ ഈവാനിയോസ്. മാവേലിക്കരയിൽ പുതിയകാവ് ഗ്രാമത്തിൽ ഭൂജാതനായ പുണ്യപിതാവ് പ്രാർത്ഥനയിൽ നിന്ന് ശക്തി നേടുക, ദൈവ സമ്പാദനത്തിനായി പ്രയത്നിക്കുക, ഉപവാസം, ദാരിദ്ര്യം, പതിതരോടുള്ള കാരുണ്യം, ധ്യാനം എന്നിവയിലൂടെ സ്വർഗത്തിൽ സമാധാനം കണ്ടെത്തുക എന്നത് അപൂർവവും അസാധാരണവുമായ അനുഭവവുമായി കണ്ട്, ഈ ദൈവ വിളിക്കായി കാതോർത്തു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും സന്യാസത്തിലും ജാഗ്രത പുലർത്തി. ദളിതരുടെ ഉന്നമന്നതിനായി ജീവിതം ഉഴിഞ്ഞുവെച്ചു. സമാധാനത്തിന്റെ സ്വർഗദൂതൻ, ത്യാഗാധീനനായ സന്യാസിവര്യൻ, വിദ്യാഭ്യാസ ചിന്തകൻ, ധീരനായ കർമ്മയോഗി, മനുഷ്യസ്നേഹത്തിന്റെ പ്രതീകം ഇവയെല്ലാം വന്ദ്യതാതന്റെ  വിശേഷങ്ങളാണ്.

ജീവിക്കുന്ന മനുഷ്യനിലാണ് ദൈവമഹത്വം വസിക്കുന്നത്-എന്നാണ് സഭാപിതാവായ വി. ഐറേനിയസിന്റെ ദർശനം. അപരിമേയനും അപ്രേമയനും

www.malankaralibrary.com



യാത്ര മാത്രമായിരുന്നില്ല ആ യാത്ര, മരിച്ച അസമാധാനത്തിന്റെയും അസ്വസ്ഥതയുടെയും കാതലായ കാരണം സഭയുടെ അദ്ധ്യാത്മിക ദർശനം മറന്നതുകൊണ്ടാണ് എന്ന തിരിച്ചറിവായിരുന്നു പിതാവിനെ നയിച്ചത്. മലങ്കര സഭയുടെ ഐക്യത്തെയും ഭാരതത്തിന്റെ മനസാന്തരത്തെയും കുറിച്ച് ഏറെ ശ്രദ്ധാലുവായിരുന്ന പിതാവ് നൊമ്പരപ്പെട്ടത് ദൗത്യം മറന്നുകൊണ്ടുള്ള സഭാമക്കളുടെ അലസമായ കിടപ്പിനെക്കുറിച്ചായിരുന്നു. വിശുദ്ധിയും ദൗത്യവും മറന്ന് ജീവിക്കുന്നത് ആത്മീയ പാപ്പരത്തമാണെന്നും അത് വെല്ലുവിളിയായി എന്നും നിലനിൽക്കുന്നുവെന്നും പിതാവ് നമ്മെ ഓർമ്മപ്പെടുത്തി. ഭിന്നതയും കക്ഷി വഴക്കുകളും നിറഞ്ഞനിന്ന മലങ്കര സഭയിൽ നിന്നും സർവവും ത്യജിച്ച മുണ്ടൻമലയിൽ നിന്നും വിശ്വാസത്തിന്റെ ദീപശിഖ കൈകളിലേന്തി, 'ക്രൈസ്തവ സഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷ പ്രചാരണമത്രേ' എന്ന് ഉദ്ധരിച്ചുകൊണ്ട്, വിശുദ്ധ ഗ്രന്ഥത്തെ മുറുകെ പിടിച്ചുകൊണ്ട് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ച ആത്മീയ ആചാര്യൻ. ദൈവഹിതാനു സരണം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അടിസ്ഥാനമിട്ട് ഇന്ന് ഓരോ മലങ്കര കത്തോലിക്കനും തലയുയർത്തി നില്ക്കാൻ തക്കവണ്ണം നമ്മുടെ സഭയെ മെനഞ്ഞ പുനരൈക്യ ശില്പി.

അദൃശ്യനും അഗ്രാഹ്യനുമായ ദൈവത്തെ അറിയുവാൻ നമുക്ക് സാധ്യമായത് ദൈവത്തിന്റെ മടിയിൽ വസിക്കുന്ന ഏക ജാതനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം മൂലമാണ്. പരിമിതനായ മനുഷ്യന് അപരിമേയനായ ദൈവം സ്വയം വെളിപ്പെടുത്തി. അതിനാലാണ് ജീവിക്കുന്ന മനുഷ്യനിലാണ് ദൈവത്തിന്റെ മഹത്വവും ദർശിക്കാൻ കഴിയുന്നത് എന്ന് വന്ദ്യതാതൻ പ്രസ്താവിക്കുന്നത്. ക്രിസ്തു മാർഗത്തിന്റെ പൂർണതയിലേക്കും തിരുസഭയുടെ ഐക്യത്തിലേക്കും നമ്മെ കൂട്ടികൊണ്ട് വന്ന യഥാർത്ഥ ക്രിസ്തു ശിഷ്യനാണ് മാർ ഈവാനിയോസ് പിതാവ്. പിതാവ് നമ്മെ ആകർഷിച്ചത് തന്നിലേക്കല്ല. ദിവ്യരക്ഷകനായിലേക്കാണ്. മലങ്കരയിലെ പുത്തൻകൂർ സമുദായത്തിന് കാതോലികതയിലേക്കുള്ള വാതിലായി മാർ ഈവാനിയോസിനെ ദൈവം ഉയർത്തി. സഭൈക്യത്തിന്റെ വക്താവ് മാത്രമല്ല, പ്രതിരൂപവുമാണ് പിതാവ്. ഐക്യം നഷ്ടപെട്ടതുകൊണ്ട് അനുഭവിച്ച യാതനകളുടെ പശ്ചാത്തലത്തിലാണ് സഭൈക്യത്തിന് വേണ്ടിയുള്ള യേശു ക്രിസ്തുവിന്റെ പ്രാർത്ഥന സാക്ഷാത്കരിക്കുന്നതിനു വേണ്ടിയുള്ള ജീവിത സമർപ്പണം സുപ്രധാനമായി കാണാൻ പിതാവിന് കഴിഞ്ഞത്. മലങ്കരയുടെ സഭാ നഭസ്സിൽ വ്യവഹാരങ്ങളും അശാന്തിയും വർധിച്ചു വന്നപ്പോൾ ദൈവം ഉയർത്തി കൊണ്ട് വന്ന ഐക്യത്തിന്റെ പ്രവാചകനും പ്രഘോഷകനുമാണ് വന്ദ്യതാതൻ. കേവലം ഒരു മടക്ക



'ദൈവസമ്പാദനം ദൈവ സ്നേഹത്തേക്കാൾ അത്യുത്തമം' എന്ന സമുന്നതമായ ആത്മീയമായ ദർശനം സർവപരിത്യാഗത്തിലൂടെ ക്രിസ്താനുകരണത്തിലേക്കും അവിടുന്ന് സന്യാസത്തിലേക്കും വെളിച്ചം വീശുന്നു. പിതാവിന്റെ ജീവിതത്തിലും ലക്ഷ്യത്തിലും ഒരുപോലെ പ്രകടമാകുന്ന ദൈവശാസ്ത്ര ചിന്ത ആഴത്തിൽ മനസിലാക്കി മലങ്കര സഭയുടെ പ്രേക്ഷിത തീക്ഷ്ണത പ്രോജ്വലിപ്പിക്കാൻ ജീവാർപ്പണം ചെയ്ത പ്രേക്ഷിത വര്യന്റെ ജീവിതം നമുക്ക് മാതൃകയും പ്രചോദനവുമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അംഗമായതിൽ ഏറെ അഭിമാനം കൊള്ളുന്ന ഒരു വ്യക്തിയാണ് ഞാൻ. എന്റെ സഭ എന്നും എന്റെ അഭിമാനം ആണ്. പട്ടത്തെ ഭാഗ്യങ്ങളുടെ കലവറയിൽ അണയുമ്പോൾ മനസ്സിന് ഒരു കുളിർമയാണ്. ആ കബറിൽ അണയുന്ന ആരും നിരാശരായി മടങ്ങുന്നില്ല. മലങ്കര കത്തോലിക്കാ സഭയെന്ന നൗകയെ തുഴയുന്ന തുഴക്കാരിൽ ഒരുവനായി തീരുവാൻ സാധിച്ചതിൽ നമുക്ക് നല്ല ദൈവത്തിന് നന്ദി കരേറ്റാം. സത്യത്തിനായി സർവവും ത്യജിച്ച പിതാവിന്റെ പുണ്യ ജീവിതം നമുക്ക് കോട്ടയും കാവലുമാകട്ടെ. പുണ്യ പിതാവേ ഞങ്ങൾക്കായി മാദ്ധ്യസ്ഥം അപേക്ഷിക്കണമേ...

www.malankaralibrary.com



# A Prayerful Journey:

## *The Padayatra Experience from Perunadu*



**Cyril Thomas**
*Syndicate, Central Secretariat*
*Diocese of Delhi-Gurgaon*

“I The Padayatra, a spiritual and transformative journey, commenced on 9th July from Ranni-Perunnadu This sacred pilgrimage was not just a physical walk, but a prayerful and soulful expedition for me to embark this profound endeavor.

It was my first Padayatra experience. The Padayatra began with the Holy Mass with His Beatitude Cardinal Moran Mor Baselios Cleemis Catholicos being the main Celebrant of the Holy Mass. The serene church of Perunadu served as the starting point, where participants gathered to embark on a transformative journey. The journey was divided over 5 days.

From the onset, the Padayatra was imbued with spirituality. Participants embraced prayer and meditation, seeking inner peace and connection with the

www.malankaralibrary.com



divine during every step of their journey. Songs related to Mar Ivanios were sung and played which laid the devotion towards Servant of God Mar Ivanios.

The path of the Padayatra was not a solitary one. Pilgrims walked together, creating a sense of community and unity among the participants. The collective prayers fostered a profound sense of connection with Servant of God Mar Ivanios.

As the journey progressed, partici pants engaged in moments of prayer and chanting the Divine mercy . The peaceful surroundings and the rhythmic walk provided ample opportunities for intro spection and self-discovery.

The Padayatra route offered a unique opportunity to immerse in the beauty of nature. The breathtaking land scapes and tranquil surroundings added to the overall spiritual experience, deep ening the connection with the natural world.

Along the route, pilgrims had the privilege visiting various Malankara Catholic Churches enriching their under standing of the Padayatra. These encounters provided valuable insights into the lives of the people living in the areas they passed through.

The Padayatra was not without its challenges. I faced physical and mental hurdles along the way, testing my deter mination and resilience. Each challenge served as an opportunity to strengthen my resolve and faith.

The journey encompassed several churches, prayer places each holding spiritual significance. Pilgrims took time to pay homage and offer prayers at these revered destinations, deepening their connection to the spiritual realm.

On 14th July,we finally had reach the tomb of Servant of God Mar Ivanios around 5.30 pm in the evening.

The Padayatra from Perunadu was a remarkable journey of prayer, self-discovery, and spiritual connection. As participants traversed the path, they not only experienced the beauty of nature but also delved deep within themselves, seeking higher truths. The sense of community, devotion and shared experi ences made the Padayatra an unforgett able and life-changing pilgrimage for all who embarked on this prayerful sojourn.

www.malankaralibrary.com



## സഭാതലസമിതി

### മണിപ്പൂർ ഇന്ത്യയുടെ നൊമ്പരമായി മാറുന്നു: എം.സി.വൈ.എം. സഭാതല സമിതി




മണിപ്പൂരിൽ ദിവസങ്ങളായി നടക്കുന്ന ഓരോ സംഭവങ്ങളും മനുഷ്യമനഃസാക്ഷിക്ക് ഞെട്ടൽ ഉളവാക്കുന്നതും ഇന്ത്യപോലെ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ, മതേതര രാജ്യത്തിന് തന്നെ അപമാനമാകുന്നതുമായ കാര്യങ്ങളാണ്. സമൂഹത്തിൽ ഏറ്റവും താങ്ങും തണലും ആവശ്യമുള്ള സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ഇത്തരം അധിക്ഷേപങ്ങൾ പ്രാകൃതവും ആവർത്തിക്കപ്പെടാൻ പാടില്ലാത്തതുമാണ്.

എന്നാൽ ഇത്തരം തെറ്റുകൾ നിരന്തരമായി ആവർത്തിക്കപ്പെടുമ്പോഴും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യാതൊന്നും ചെയ്യുന്നില്ല എന്നത് നിഗൂഢമായ കാര്യമാണ്. കലാപങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുകയും ഒരു സമൂഹം തന്നെയും ഇല്ലാതാകുകയും ചെയ്യുന്ന അതിഭീതികരമായ അവസ്ഥ. ഇത്തരം ക്രൂരതകൾക്ക് എതിരെ പ്രതികരിക്കേണ്ട ഉത്തരവാദിത്വം ധാർമ്മിക യുവജന പ്രസ്ഥാനത്തിൽ ആയിരിക്കുന്ന നമ്മിൽ ഓരോരുത്തരിലും നിക്ഷിപ്തമാണ്. അതിനാൽ ഇത്തരം ക്രൂരതകൾക്കെതിരെ നമുക്കും ശക്തമായി പ്രതികരിക്കാം.. പ്രതിഷേധിക്കാം...



### നന്ദിയോടെ....

ദൈവദാസൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 70-ാം ശ്രാദ്ധ പെരുന്നാളും അതോടൊപ്പം നടന്ന 43-ാമത് തീർത്ഥാടന പദയാത്രയും ദൈവാനുഗ്രഹത്തിന്റ വലിയ ദിനങ്ങൾ ആയിരുന്നു.

മലങ്കരയുടെ ആധ്യാത്മിക നവോത്ഥാനത്തിന് തുടക്കമിട്ട ബഥനി മലയിൽ നിന്ന് തുടങ്ങിയ പ്രയാണം...... മാർ ഈവാനിയോസ് തിരുമേനി യാത്ര ചെയ്ത അതെ വഴികളിലൂടെ 5 ദിനങ്ങൾ താണ്ടി പിതാവിന്റെ ഭൗതികശരീരം വിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിലേക്ക്...

ഈ ദിനങ്ങളിൽ മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനം ഏറ്റെടുത്ത ത്യാഗത്തിനു കൂടെ നിന്ന് പിന്തുണച്ച എല്ലാവർക്കും ചെറുതും വലുതുമായ സഹായങ്ങൾ നൽകിയ ഏവർക്കും നന്ദി.

42 വർഷങ്ങൾക്കു മുമ്പ് ഞങ്ങളുടെ മുൻകാല യുവജന നേതാക്കൻമാർ തുടങ്ങിയ പ്രയാണത്തിന്റെ ഭാഗമാകുവാൻ ദൈവം ഞങ്ങൾക്ക് കൃപ നൽകി. പുത്തൻ കാൽവെപ്പുകൾ തുടങ്ങുവാൻ ധീരമായി യത്നിച്ച ഇന്നലെകളിലെ നേതാക്കന്മാർക്ക് പ്രണാമം. നിങ്ങൾ കൊണ്ട വെയിൽ ഞങ്ങൾക്ക് തണലായി... നിങ്ങളുടെ അധ്വാനം ഞങ്ങൾക്ക് അനുഗ്രഹമായി... നിങ്ങൾ കാണിച്ചുതന്ന പാതയിലൂടെ ആയാസരഹിതമായി നടക്കാൻ ഞങ്ങൾക്കാകുമ്പോൾ വഴി തെളിക്കാൻ നിങ്ങൾ എടുത്ത ത്യാഗത്തെ ഞങ്ങൾ ഓർക്കുന്നു...

റാന്നി പെരുനാട് ദൈവാലയത്തിൽ കടന്നു വന്നു പദയാത്രികർക്കായി പ്രാർത്ഥിച്ച, വിശുദ്ധ കുർബാന അർപ്പിച്ച പ്രധാന പദയാത്രയെ അനുഗ്രഹിച്ച, ആശീർവദിച്ച, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ

www.malankaralibrary.com



ക്ലീമിസ് കാതോലിക്കാബാവ, പദയാത്രയിൽ ആദ്യന്തം പങ്കുകാരായ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ ഇടയൻ തോമസ് മാർ അന്തോണിയോസ് പിതാവ്, തിരുവല്ല അതിഭദ്രാസന ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവ് എന്നീ പിതാക്കന്മാരെയും വിവിധ ദിനങ്ങളിലായി ഞങ്ങളോടൊപ്പം പദയാത്രയിൽ പങ്കുചേർന്ന പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ സാമുവേൽ മാർ ഐറേനിയോസ് പിതാവ്, മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവ്, പുത്തൂർ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ്, അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് പിതാവ്, അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് എന്നീ പിതാക്കന്മാരോടും വികാരി ജനറാൾ അച്ചന്മാർ, കോർ എപ്പിസ്കോപ്പമാർ, റമ്പാൻമാർ എന്നിവരോടും യുവജന സഭയുടെ പേരിൽ നന്ദി അർപ്പിക്കുന്നു.

പദയാത്രയുടെ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകുകയും മുൻപിൽ നിന്ന് നയിക്കുകയും ചെയ്ത സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, സഭാതല ഭാരവാഹികൾ ടീന കെ. എസ്, മെറിൻ മാമച്ചൻ, റോബിൻ ജോസഫ്, ജോബിൻ പുത്തൂർ, സിറിൽ തോമസ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

റാന്നി പെരുനാട്ടിൽ നിന്നുള്ള പ്രധാന പദയാത്രക്ക് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കാൻ രാപ്പകൽ ഇല്ലാതെ അധ്വാനിച്ച തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽ കടയിൽ, അസ്സി. ഡയറക്ടർ ഫാ. അലോഷ്യസ് തെക്കേടത്ത്, ആനിമേറ്റർ സി. ദിവ്യാ ജോസ് ഡി.എം., പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, അസി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പൂളിമൂടൻ, ആനിമേറ്റർ സി. ജോവാൻ SIC എല്ലാ പിന്തുണയും നിർദ്ദേശങ്ങളും നൽകി ഞങ്ങളോട് കൂടെയുണ്ടായിരുന്ന സ്നേഹനിധിയായ മുൻ ഡയറക്റ്റേഴ്സ് മോൺ. തോമസ് കയ്യാലക്കൽ, ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, ഫാ. എബ്രഹാം മേപ്പുറത്ത് എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു.

പദയാത്രയ്ക്ക് വേണ്ടി ചോര നീരാക്കി അധ്വാനിക്കുകയും അനേക ദിവസങ്ങളിലെ ജോലി പോലും മാറ്റി വച്ച് യുവജനങ്ങൾക്ക് നല്ല മാതൃക നൽകിയ പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം, ട്രഷറർ ലിജോ ഫിലിപ്പ്, മറ്റു ഭദ്രാസന ഭാരവാഹികൾ, തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ., ജനറൽ സെക്രട്ടറി ബിനോ ഗിൽബർട്ട് മറ്റു ഭദ്രാസന ഭാരവാഹികൾ, എന്നിവരേയും സ്നേഹത്തോടെ ഓർക്കുന്നു.

വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള പദയാത്രകൾക്ക് നേതൃത്വം നൽകിയവർ തിരുവല്ല അതിഭദ്രാസനത്തിന്റെ പദയാത്രക്ക് നേതൃത്വം നൽകിയ അതിഭദ്രാസനാധ്യക്ഷൻ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവ്, ഡയറക്ടർമാർ ഫാ. എബ്രഹാം തൈപറമ്പിൽ, ഫാ. ചെറിയാൻ കുരിശുംമൂട്ടിൽ, പ്രസിഡന്റ് ജോബിൻ, 8 ദിവസം നീണ്ടുനിന്ന മൂവാറ്റുപുഴയിൽ നിന്നുമുള്ള ഏറ്റവും ദൈർഘ്യമുള്ള പദയാത്രയക്ക് നേതൃത്വം നൽകിയ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഇടയൻ യൂഹാനോൻ മാർ തെയോഡോഷ്യസ് പിതാവ്, മാവേലിക്കര ഭദ്രാസനത്തിന്റെ പദയാത്രക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്, ഡയറക്ടർമാർ ഫാ. ഡെന്നിസ് മുകുളംപുറത്ത്, ഫാ. ജോൺ അയണുവേലിൽ, പ്രസിഡന്റ് ജിതിൻ ഷാജി, മാർത്താണ്ഡം ഭദ്രാസനത്തിന്റെ പദയാത്രക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, ഡയറക്ടർമാർ ഫാ. ജോണി, ഫാ. വിൽഫിൻ, പ്രസിഡന്റ് ജോസ് മിൽറ്റൻ, പാറശ്ശാല ഭദ്രാസന പദയാത്രയ്ക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ്, ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, ഫാ. വിമൽ വിൻസെന്റ്, പ്രസിഡന്റ് ശരത് ലാൽ, ഡൽഹി-ഗുഡ്ഗാവ് ഭദ്രാസന ഡയറക്ടർ ഫാ. ജോസ് മുണ്ടപ്ലാവിള, പ്രസിഡന്റ് സെലിൻ ജോൺ, പൂനെ കട്കി ഡയറക്ടർ ഫാ. സോജു തോമസ്, പ്രസിഡന്റ് റിൻസൺ, പുത്തൂർ ഭദ്രാസന ഡയറക്ടർ ഫാ. തോമസ് കല്ലോലിക്കൽ, പ്രസിഡന്റ് ബബിത്ത്, മറ്റു ഭാരവാഹികളോടുമുള്ള നന്ദിയും അറിയിക്കട്ടെ. വിവിധ ഭദ്രാസനങ്ങളിൽ നിന്ന് പദയാത്രക്കായി യുവജനങ്ങളെ കൊണ്ടുവരുന്നതിന് നേതൃത്വം നൽകിയ എല്ലാ ഭദ്രാസനങ്ങളിലെയും ഭാരവാഹികൾക്കും നന്ദി.

പ്രധാന പദയാത്രയിൽ ആംബുലൻസ് ക്രമീകരിച്ചു നൽകിയ അഞ്ചൽ ഹോസ്പിറ്റലിലെയും പിരപ്പൻകോട് ഹോസ്പിറ്റലിലെയും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ്, ഹോളി ഫാമിലി എന്നിവിടങ്ങളിലെ ഡയറക്ടർമാർ, അതിൽ സഹായത്തിനായി കടന്നുവന്നവർ, പദയാത്രികർക്കു ആവശ്യമായ മരുന്നുകൾ നല്കാൻ സഹായിച്ചവർ എന്നിവരേയും നന്ദിയോടെ ഓർക്കുന്നു.

www.malankaralibrary.com



പദയാത്രയ്ക്കായി അനൗൺസ്മെന്റ് വാഹനം ക്രമീകരിച്ചു തന്നവർ, അത് നിയന്ത്രിച്ചവർ, യുവജന സുഹൃത്തുക്കൾ, വിവധ സ്ഥലങ്ങളിൽ പ്രസംഗിച്ചവർ, പദയാത്രികരെ സന്തോഷപൂർവം സ്വീകരിച്ച ഇടവക ദൈവാലയങ്ങൾ, വികാരി അച്ചൻമാർ, ഇടവക സമൂഹം, വിവിധ ആശ്രമങ്ങൾ, മഠങ്ങൾ, സംഘടനകൾ, വ്യക്തികൾ, കുടുംബങ്ങൾ, പദയാത്രികർക്ക് ആവശ്യമായ സഹായങ്ങൾ നൽകിയവർ...

രാത്രി കിടക്കാൻ ഇടം നൽകിയവർ... അന്നം ഒരുക്കി കാത്തിരുന്നവർ.. പാതയോരങ്ങളിൽ ഞങ്ങളെ സ്വീകരിച്ചവർ ... ദാഹജലം നൽകിയവർ... എല്ലാവർക്കും നന്ദി...

തീർത്ഥാടന പദയാത്രക്ക് തുടക്കം കുറിക്കുവാനായി എല്ലാ ക്രമീകരണങ്ങളോടും കൂടി മലങ്കരയുടെ പദയാത്രികരെ സ്വീകരിക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണം, താമസം എന്നിവ ക്രമീകരിച്ച കുരിശുമല (റാന്നി-പെരുനാട്) ഇടവക വികാരി വന്ദ്യ ജോസ് ചാമക്കാലയിൽ റമ്പാൻ, ഫാ. സ്കോട്ട് സ്ലീബാ, ഇടവക അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

പദയാത്രയുടെ ഓരോ നിമിഷങ്ങളും അനേകരിലേക്കു എത്തിച്ച മീഡിയ ടീമിന് നേതൃത്വം നൽകിയ സിറിൽ തോമസ് ഡൽഹി, ലിബിൻ ജെയിംസ് കോന്നി

ദീർഘങ്ങളായ 5 ദിനങ്ങൾ... 130 ലേറെ കിലോമീറ്ററുകൾ... അപരിചിതമായ മനുഷ്യരുമൊത്തുള്ള സഞ്ചാരം...നിലത്ത് പായ വിരിച്ചുള്ള രാത്രിയിലെ ഉറക്കം, കോരി ചൊരിയുന്ന മഴ, ചുട്ടുപൊള്ളുന്ന വെയിൽ, എല്ലാറ്റിനെയും അവഗണിച്ച് കൂടെ യാത്ര ചെയ്ത എല്ലാ പദയാത്രികർക്കും ഒരായിരം നന്ദി

നമ്മുടെ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മധ്യസ്ഥതയാൽ സ്വർഗ്ഗം നിങ്ങളെയോരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

അടുത്തവർഷം മാർ ഈവാനിയോസ് പിതാവിന്റെ പദയാത്രയിൽ വീണ്ടും കാണാം എന്ന് പ്രതീക്ഷയോടെ....

## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള 43 മത് പ്രധാന തീർത്ഥാടന പദയാത്രയുടെ അവലോകന മീറ്റിംഗ്

റാന്നി പെരുന്നാട്ടിൽ നിന്നും പട്ടം കബറിങ്കലേക്ക് നടത്തിയ പ്രധാന തീർത്ഥാടന പദയാത്രയുടെ



ക്രമീകരണങ്ങളെ പറ്റി അവലോകനം ചെയ്യുവാനായി എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ ജൂലൈ മാസം 22, ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് കൊട്ടാരക്കര മൈലം ദൈവാലയത്തിൽ വച്ച് യുവജന നേതാക്കന്മാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു.

മീറ്റിംഗിൽ സഭാതല പ്രസിഡന്റ് ഏയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ചു. സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ് സ്വാഗതം ആശംസിക്കുകയും സഭാതല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് ആമുഖ പ്രസംഗം നടത്തുകയും ചെയ്തു.

തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽ കടയിൽ, അസ്സി. ഡയറക്ടർ ഫാ. അലോഷ്യസ് തെക്കേടത്ത്, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, മേജർ അതിഭദ്രാസന ആനിമേറ്റർ സി. ദിവ്യ ജോസ് ഡി.എം., പത്തനംതിട്ട ഭദ്രാസന ആനിമേറ്റർ സി. ജോവാൻ കളീക്കൽ എസ്.ഐ.സി., കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷാരോൺ കെ. റെജി, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ, മറ്റ് ഭദ്രാസന ഭാരവാഹികൾ, പദയാത്രയ്ക്ക് നേതൃത്വം നൽകിയ യുവജന നേതാക്കൻമാരും മീറ്റിംഗിൽ പങ്കെടുത്തു.

## MEET THE DIOCESE

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ ഭദ്രാസനം സന്ദർശിക്കുകയും ഭദ്രാസനതല യുവജന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 2023 ജൂലൈ 28 വെള്ളിയാഴ്ച്ച മൂവാറ്റുപുഴ ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന സന്ദർശനത്തിൽ സഭാതല ഭാരവാഹികളും ഭദ്രാസന ഭാരവാഹികളും പങ്കെടുക്കുകയും ഭദ്രാസനതല യുവജന പ്രവർത്തനങ്ങളെ പറ്റി അവലോകനം

www.malankaralibrary.com





ചെയ്യുകയും ചെയ്തു.

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്ന 93-ാമത് പുനരൈക്യവാർഷിക ആഘോഷങ്ങളോട് ചേർന്ന് ക്രമീകരിക്കുന്ന 32-ാ മത് അന്തർദേശീയ യുവജന കൺവൻഷന്റെ ക്രമീകരണങ്ങളെ പറ്റിയുള്ള പ്രാഥമിക ചർച്ചയും നടത്തപ്പെട്ടു.

സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി, ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ ജോബിൻ ഡേവിഡ്, വൈസ് പ്രസിഡന്റ് ടീന കെ. എസ്., സെക്രട്ടറി മെറിൻ മാമച്ചൻ, മൂവാറ്റുപുഴ ഭദ്രാസന ഡയറക്ടർ ഫാ. ക്ലീറ്റസ് കീഴക്കൂടൻ, അസ്സി. ഡയറക്ടർ ഫാ. അജീഷ്, പ്രസിഡന്റ് സിബി തോമസ്, മറ്റ് ഭദ്രാസന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### എം.സി.വൈ.എം തിരുവനന്തപുരം മേജർ അതിഭദ്രാസന അർദ്ധ വാർഷിക സെനറ്റ് സമ്മേളനം



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 2023 ജൂലൈ 28 വെള്ളിയാഴ്ച ആയൂർ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ഇളമാട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ആയൂർ വൈദിക ജില്ലാ വികാരി പെരിയ ബഹുമാനപ്പെട്ട റവ. ഫാ. ജോൺ അരീക്കൽ ഉദ്ഘാടനം ചെയ്തു.

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ. അധ്യക്ഷപദം അലങ്കരിച്ചു. ഡയറക്ടർ റവ. ഫാ. ജോസഫ് തോട്ടത്തിൽ കടയിൽ, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. അലോഷ്യസ് തെക്കേടത്ത്, റവ. ഫാ. അരുൺ ദാസ് ഒ.ഐ.സി., റവ. ഫാ. എബ്രഹാം മുരുപ്പേൽ, റവ. ഫാ. എബി ആറ്റുപുരയിൽ, റവ. ഫാ. മാത്യു ഇലവിനാൽ, റവ. ഫാ. സിറിൽ മാവിനാഴികത്ത്, റവ. ഫാ. ജോർജ് ഭട്ടശ്ശേരിൽ, റവ. ഫാ. അജോ കളപ്പുരക്കൽ, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു. 9 വൈദിക ജില്ലകളും റിപ്പോർട്ട് അവതരിപ്പിച്ചു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ അർദ്ധ വാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ബിനോ റ്റി. ഗിൽബർട്ട് അർദ്ധ വാർഷിക സെനറ്റിൽ അവതരിപ്പിച്ചു തുടർന്ന് സംഘടനാ ചർച്ചയും നടത്തപ്പെട്ടു. മേജർ അതിഭദ്രാസന ട്രഷറർ മോബിൻ മോനിച്ചൻ ഏവർക്കും നന്ദി അറിയിച്ചു സംസാരിച്ചു.

## തിരുവല്ല അതിഭദ്രാസനം

### THEOPHILIAN QUIZ 2K23

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെമ്മോറിയൽ മെഗാ ഓൺലൈൻ ക്വിസ് 2023-ന്റെ മത്സര വിജയികൾ

ഒന്നാം സമ്മാനം: മാർഗ്രറ്റ് ജോൺ,
തിരുവല്ല അതിഭദ്രാസനം

രണ്ടാം സമ്മാനം: ലിബിൻ ബാബു,
മാവേലിക്കര ഭദ്രാസനം

മൂന്നാം സമ്മാനം: ശോഭാ ഷാജി,
മാവേലിക്കര ഭദ്രാസനം

മത്സരത്തിൽ പങ്കെടുത്ത എല്ലാ പ്രിയപ്പെട്ടവർക്കും പ്രത്യേകിച്ച് വിജയികളായ എല്ലാവർക്കും ആശംസകൾ.

www.malankaralibrary.com

# വാർത്തകൾ




## തീർത്ഥാടന പദയാത്ര



പുനരൈക്യ ശിൽപിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പുമായിരുന്ന ദൈവദാസൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 70-ാം ഓർമ്മ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 10 മുതൽ 14 വരെ (തിങ്കൾ മുതൽ വെള്ളി വരെ) മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും പുണ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിലേക്ക് തീർത്ഥാടന പദയാത്ര നടത്തി. പുണ്യപിതാവ് താപസ ജീവിതം നയിച്ച മലങ്കരയുടെ പിതൃഭവനമായ (ബേത് ആബാദ് മലങ്കര) തിരുമൂലപുരത്തെ പുണ്യഗൃഹത്തിൽ പദയാത്ര പ്രവേശിച്ച് ഒപ്പം വിവിധ ദൈവാലയങ്ങളിൽ പ്രാർത്ഥന നടത്തി റാന്നി പെരുന്നാട്ടിൽ നിന്നുമുള്ള പ്രധാന തീർത്ഥാടന പദയാത്രികരുമായി സംഗമിച്ചു. പ്രാർത്ഥനാപൂർവ്വം ഏവരും ഈ പദയാത്രയിൽ ഒന്നിച്ചു പങ്കുചേർന്നു.

## പഞ്ചാബിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ മിഷൻ അംഗങ്ങൾ




ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ പെരുന്നാളിലും പദയാത്രയിലും പങ്കുചേർന്നു അനുഗ്രഹം പ്രാപിക്കാൻ പഞ്ചാബിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ മിഷനിൽ നിന്നും വിശ്വാസികൾ എത്തിച്ചേർന്നു. കുട്ടികൾ ഉൾപ്പെടെ 32 ആളുകൾ വന്ദ്യ മാത്യു കുറ്റിയിൽ അച്ചന്റെ നേതൃത്വത്തിൽ പഞ്ചാബിലെ ഫിറോസ്പ്പൂർ മിഷന്റെ ഭാഗമായി പട്ടം കബറിടത്തിൽ പദയാത്രയായി എത്തിച്ചേർന്നു. ജൂലൈ 17 ന് തിരുവല്ല അതിഭദ്രാസനത്തിൽ എത്തിച്ചേർന്ന മിഷൻ അംഗങ്ങളെ അതിഭദ്രാസന സമിതി ശാന്തിനിലയത്തിൽ സ്വീകരിച്ചു. പിറ്റേദിവസം രാവിലെ പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ഏവർക്കും സൗജന്യ വൈദ്യ പരിശോധന

www.malankaralibrary.com



നൽകി. ശേഷം അതിഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ സന്ദർശിച്ചു.

വൈകുന്നേരം 5 മണിക് സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തിരുവല്ല അതിഭദ്രാസനത്തിലേക്കു കടന്നുവന്ന വിശ്വാസികളെ ഏവരെയും അതിഭദ്രാസന അധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവ് സ്വാഗതം ചെയ്തു. സീറോ മലബാർ സഭയുടെ റായ്പ്പൂർ അതിരൂപതാദ്ധ്യക്ഷൻ അഭി. ആർച്ചുബിഷപ്പ് വിക്ടർ ഹെൻട്രി പിതാവും സന്നിഹിതനായിരുന്നു. 25-ാം മെത്രാഭിഷേക ജൂബിലി ആഘോഷിക്കുന്ന ആർച്ചുബിഷപ്പ് വിക്ടർ ഹെൻട്രി പിതാവിന് തങ്ങളുടെ പരമ്പരാഗത രീതിയിലുള്ള പഞ്ചാബി ഗാനം ആലപിച്ചു വിശ്വാസികൾ ആശംസകൾ അർപ്പിച്ചു.

തുടർന്ന് സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഹാളിൽ ഏവരെയും പരിചയപ്പെടുന്നതിനും അനുഭവങ്ങൾ പങ്കുവെക്കുന്നതിനും അവസരം ഉണ്ടായിരുന്നു. അതിഭദ്രാസനത്തിന്റെ സ്നേഹസമ്മാനങ്ങൾ ഏവർക്കും നൽകി. CMI സഭാ വികാരി ജനറൽ റവ. ഫാ. ജോസി താമരശ്ശേരി, തിരുവല്ല മേഖല വികാരി വെരി. റവ. ഫാ. മാത്യു പുനക്കുളം, എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഏബ്രഹാം തൈപ്പറമ്പിൽ പ്രസിഡന്റ് ജോബിൻ ജോസ്, സെക്രട്ടറിമാരായ റീബ ജോൺ, മോനു ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു. ജൂലൈ 19 ന് രാവിലെ സംഘം പഞ്ചാബിലേക്ക് തിരികെ യാത്രയായി.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനവും ഇലക്ഷനും

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ അർദ്ധവാർഷിക സെനറ്റ് സമ്മേളനവും തിരഞ്ഞെടുപ്പും 2023 ജൂലൈ 28 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ തിരുമൂലപുരം എം.ഡി.എം. ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. അതിഭദ്രാസന യൂത്ത് കോഡിനേറ്റർ സിസ്റ്റർ അലീന എസ്.ഐ.സി. പതാക ഉയർത്തി സെനറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചു. തിരുവല്ല മേഖല പ്രസിഡന്റ് സിറിയക് വി. ജോൺ എം.സി.വൈ.എം. പ്രതിജ്ഞ ചൊല്ലി നൽകി. അതിഭദ്രാസന സെക്രട്ടറി മോനു ജോസഫ് എം.സി.വൈ.എം. പ്രാർഥനയും, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി മറിയം ടി. തോമസ് ബൈബിൾ വായനയും നടത്തി. ശേഷം അതിഭദ്രാസന ജനറൽ സെക്രട്ടറി




പ്രിയാമോൾ രാജൻ സെനറ്റ് സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. അതിഭദ്രാസന പ്രസിഡന്റ് ജോബിൻ ജോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഏബ്രഹാം തൈപ്പറമ്പിൽ ആമുഖപ്രഭാഷണം നടത്തി. അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം ശ്രീ. ആഷാദ് സദാനന്ദൻ (DYSP തിരുവല്ല) നിർവഹിച്ചു. തിരുമൂലപുരം ഇടവക വികാരിയും യൂണിറ്റ് ഡയറക്ടറുമായ റവ. ഫാ. വർഗ്ഗീസ് ചാമക്കാലായിൽ, എം.സി.വൈ.എം. തിരുവല്ല മേഖല പ്രസിഡന്റ് സിറിയക് വി. ജോൺ എന്നിവർ സെനറ്റ് സമ്മേളനത്തിന് ആശംസകൾ അറിയിച്ചു. സമ്മേളനത്തിൽ പങ്കുചേർന്ന ഏവർക്കും അതിഭദ്രാസന ട്രഷറർ ഷാനിമോൾ സാനു നന്ദി അർപ്പിച്ചു.

തുടർന്നുള്ള സെഷനിൽ റിപ്പോർട്ടുകളുടെ അവതരണവും, അതിഭദ്രാസന വൈസ് പ്രസിഡന്റ് (വനിത) സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പും, സംഘടനാ ചർച്ചയും നടത്തപ്പെട്ടു. 8 മേഖലകളിൽ നിന്നായി 71 അംഗങ്ങൾ പങ്കെടുത്തു. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അതിഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ചെറിയാൻ കുരിശുംമ്മൂട്ടിൽ സംസാരിച്ചു. തുടർന്ന്, തിരികൾ തെളിയിച്ച് കൊണ്ട് നടത്തപ്പെട്ട സമാധാന പ്രാർത്ഥനയ്ക്ക് എം.സി.

www.malankaralibrary.com



വൈ.എം. റാന്നി മേഖല ഡയറക്ടർ ഫാ. ജോസഫ് വര മ്പുങ്കൽ ഓ.ഐ.സി. നേതൃത്വം നൽകി. എം.സി.വൈ. എം. ആന്തത്തിനു ശേഷം അതിഭദ്രാസന ആനിമേറ്റർ ജിജിമോൾ ടീച്ചർ പതാക താഴ്ത്തിക്കൊണ്ട് സമ്മേള നത്തിന് ഔദ്യോഗികമായ സമാപനം കുറിച്ചു.

## പത്തനംതിട്ട ഭദ്രാസനം

### മണിപ്പൂരിൽ നടക്കുന്നത് ജനാധിപത്യ ഇന്ത്യ യ്ക്ക് നാണക്കേട്, ഭരണകൂടങ്ങൾ ഇടപെ ടുക: എം.സി.വൈ.എം.




ഇന്ത്യ മഹാരാജ്യത്ത് മണിപ്പൂർ എന്ന സംസ്ഥാ നത്ത് കഴിഞ്ഞ കുറേ നാളുകളായി നടക്കുന്ന വർ ഗ്ഗീയ-വംശീയ അക്രമങ്ങളെയും സ്ത്രീകൾക്കെ തിരെയുള്ള ക്രൂരകൃത്യങ്ങളെയും അപലപിച്ചുകൊണ്ട് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രതിഷേധം സംഘടി പ്പിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ സോഷ്യൽ മീഡിയയിൽ കൂടി ലോകം കാണുവാൻ ഇടയായ സ്ത്രീകളെ വിവസ്ത്രകളാക്കി കൂട്ടബലാൽസംഗത്തിന് ഇരയാ ക്കിയ സംഭവം മനുഷ്യമനഃസാക്ഷിക്ക് നിരക്കാത്തത്. ഇപ്രകാരമുള്ള നീചവും പൈശാചികവും ക്രൂരവു മായ പ്രവർത്തികൾ അരങ്ങേറുന്ന മണിപ്പൂർ സംസ്ഥാ നത്ത് കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾ ഒരു നടപ ടിയുമെടുക്കാതെ നിശബ്ദത പുലർത്തുന്നത് ജനാധി പത്യ മൂല്യങ്ങളെയും മതേതര സംസ്കാരത്തെയും ഉൾക്കൊള്ളുന്ന ആർഷഭാരതത്തിന് നാണക്കേട്. ലോക രാജ്യങ്ങൾക്ക് മുമ്പിൽ ഇന്ത്യ എന്ന മഹാ രാജ്യം ഇത്രയും നാൾ കെട്ടിപ്പടുത്തുയർത്തിയ യശസ്സിന് യോജിക്കാത്തത്.

പ്രസ്തുത വിഷയങ്ങളിൽ ഭരണകൂടങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യ പ്പെട്ടു കൊണ്ടാണ് എം.സി.വൈ.എം. രണ്ടു ഭദ്രാസന ങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ 22-07-2023 ൽ മൈലം മലങ്കര കത്തോലിക്ക ദൈവാലയ അങ്കണ ത്തിൽ ദേശീയപാതയോട് ചേർന്ന് പ്രതിഷേധം സംഘ ടിപ്പിച്ചത്. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ. റെജി പ്രസ്തുത പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. എം.സി.വൈ.എം. സഭാ തല ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ്, തിരുവന ന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ., പത്തനംതിട്ട ഭദ്രാസന പ്രസി ഡന്റ് ശ്രീ. അജോഷ് എം. തോമസ് എന്നിവർ പ്രസം ഗിച്ചു. എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ശ്രീമതി എയ്ഞ്ചൽ മേരി, മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽ, അസിസ്റ്റന്റ് ഡയറക്ടർ അലോഷ്യസ് തെക്കേടത്ത്, പത്തനംതിട്ട ഭദ്രാസന എം.സി.വൈ.എം. ഡയറക്ടർ ഫാ ജോബ് പതാലിൽ, കൊട്ടാരക്കര വൈദിക ജില്ലാ ഡയറക്ടർ ഫാ. സിറിൽ, ഭദ്രാസന ആനിമേറ്റേഴ്സായ സിസ്റ്റർ ദിവ്യ, സിസ്റ്റർ ജോവാൻ, സഭാതല സമിതി ജനറൽ സെക്രട്ടറി ശ്രീ. സുബിൻ തോമസ്, തിരുവനന്തപുരം മേജർ അതിഭദ്രാ സന ജനറൽ സെക്രട്ടറി ശ്രീ. ബിനോ, സഭാതല - ഭദ്രാസന-വൈദിക ജില്ലാ ഭാരവാഹികൾ, മൈലം ഇടവകയിലെ യുവജന പ്രവർത്തകർ, ഇടവക വിശ്വാസികൾ എന്നിവർ പ്രസ്തുത പ്രതിഷേധ കൂട്ടായ്മയിൽ അണിനിരന്നു. കെ.സി.വൈ.എം. സംസ്ഥാന സമിതി കേരളത്തിലെ രൂപതകളോട് ആഹ്വാനം ചെയ്ത "WE MISS THE SOUL OF OUR INDIA....... SAVE MANIPUR" എന്ന പ്രതിഷേധ കൂട്ടായ്മ ക്യാമ്പയിന്റെ ഭാഗമായാണ് ഇപ്രകാരം ഒരു പ്രതിഷേധം സംഘടിപ്പിച്ചത്.

### നുഹറോ ദ മലങ്കര



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള 43-ാമത് തീർത്ഥാടന പദയാത്ര യുടെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാ

www.malankaralibrary.com



സന സമിതി 'നുഹറോ ദ മലങ്കര' എന്ന ഈവാനിയൻ പദയാത്ര അനുഭവ കുറിപ്പുകൾ പുറത്തിറക്കി. മുൻകാല വർഷങ്ങളിൽ നടന്ന തീർത്ഥാടന പദയാത്രയിൽ നിന്ന് ലഭിച്ച അനുഗ്രഹങ്ങൾ, അനുഭവങ്ങൾ, വിശ്വാസ സാക്ഷ്യം എന്നിവ ഉൾപ്പെടുത്തിയാണ് നുഹറോ ദ മലങ്കരയുടെ ആറാം പതിപ്പ് പുറത്തിറക്കിയത്. സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയാണ് പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചത്.

### യൂണിറ്റ് വിസിറ്റ്



എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2023 ജൂലൈ 30-ാം തീയതി കോന്നി വൈദിക ജില്ലയോട് ചേർന്ന് മുളന്തറ യൂണിറ്റ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രസ്തുത യൂണിറ്റ് സന്ദർശന വേളയിൽ യൂണിറ്റ് ആതിഥേയത്വം അരുളുന്ന ഭദ്രാസന അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിന്റെ ക്രമീകരണങ്ങളും ചർച്ച ചെയ്തു. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, വൈദിക ജില്ലാ പ്രസിഡന്റ് വിശാഖ് വി. എൽ. എന്നിവർ യൂണിറ്റ് സന്ദർശനത്തിന് നേതൃത്വം നൽകി.

## മാവേലിക്കര ഭദ്രാസനം

### പ്രതിഷേധ റാലിയും പ്രതിഷേധ സദസ്സും

കലാപത്തിന്റെ മറവിൽ മണിപ്പൂരിൽ നടക്കുന്ന ക്രൈസ്തവ വേട്ടയ്ക്കെതിരെ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെയും പന്തളം യുണൈറ്റഡ് ക്രിസ്ത്യൻ ഫെലോഷിപിന്റെയും (യു.സി.എഫ്.) സംയുക്ത ആഭിമുഖത്തിൽ പ്രതിഷേധ റാലിയും പ്രതിഷേധ സദസ്സും 2023 ജൂലൈ 2 വൈകുന്നേരം 4.30 ന് പന്തളത്ത് വച്ച് നടത്തപ്പെട്ടു. പന്തളം, സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നിന്നും വന്ദ്യ ഡാനിയൽ കുഴിത്തടത്തിൽ കോർ എപ്പിസ്കോപ്പ പ്രാർത്ഥനയോടെ തുടക്കം കുറിച്ച



പ്രതിഷേധ റാലി പന്തളം ജംഗ്ഷനിൽ എത്തിച്ചേർന്നു. തുടർന്ന് നടന്ന പ്രതിഷേധ സദസ്സിന് പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജി സ്വാഗതം ആശംസിച്ചു. മലങ്കര ഓർത്തഡോക്സ് സഭ വൈദിക സംഘം ജനറൽ സെക്രട്ടറി റവ. ഫാ. ഡോ. നൈനാൻ ബി. ജോർജ് ഉദ്ഘാടനം ചെയ്ത പ്രതിഷേധ സദസ്സിന് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത് ആമുഖ പ്രഭാഷണം നൽകി. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന അസിസ്റ്റൻറ് ഡയറക്ടർ റവ. ഫാ. സ്കോട്ട് സ്ലീബ പുളിമൂടൻ മുഖ്യസന്ദേശം നൽകി. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന അസി. ഡയറക്ടർ റവ. ഫാ. ജോൺ അയണുവേലിൽ, യു.സി.എഫ്. പന്തളം പ്രസിഡന്റ് റവ. ഫാ. ജോൺ ഡാനിയൽ കോർ എപ്പിസ്കോപ്പ, റവ. ഫാ. ഗീവർഗീസ് ചരുവിള കോർ എപ്പിസ്കോപ്പ, റവ. ഫാ. ഗീവർഗീസ് ജോൺ, റവ. ഫാ. ജോൺ കടുവിങ്കൽ എന്നിവർ സന്നിഹിതരായിരുന്നു. സദസ്സിന് എം.സി.വൈ.എം. കറ്റാനം വൈദിക ജില്ലാ ഡയറക്ടർ റവ. ഫാ. മാത്യു വലിയപറമ്പിൽ നന്ദി അർപ്പിച്ചു. ശേഷം മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മെഴുതിരികൾ തെളിയിച്ചു.

### വന്ദ്യ ജോൺ റിബെരോ അച്ചന്റെ കബറിടത്തിൽ ധൂപപ്രാർത്ഥന

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ എഴുപതാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് കുന്നം തിരുഹൃദയ ലത്തീൻ കത്തോലിക്ക ദൈവാലയത്തിൽ പുനരൈക്യവുമായി

www.malankaralibrary.com





ബന്ധപ്പെട്ട കത്തിടപാടുകൾക്ക് അഭിവന്ദ്യ പിതാവിന്റെ ഒപ്പമായിരുന്ന വന്ദ്യ ജോൺ റിബെരോ അച്ചന്റെ കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തി. പ്രാർത്ഥനയ്ക്ക് മാവേലിക്കര ഭദ്രാസന വികാരി ജനറാൾ മോൺ. സ്റ്റീഫൻ കുളത്തുങ്കരോട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. കുന്നം തിരുഹൃദയ ലത്തീൻ കത്തോലിക്കാ ദൈവാലയ വികാരി റവ. ഫാ. രാജേഷ്, റവ. ഫാ. ജോൺ വൈപ്പിൽ, എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളംപുറത്ത്, അസി. ഡയറക്ടർ റവ. ഫാ. ജോൺ അയണുവേലിൽ, റവ. ഫാ. ഗിവർഗീസ് കൈതവന, റവ. ഫാ. മാത്യു കമച്ചംപറമ്പിൽ, കുന്നം ഇടവക ജനങ്ങൾ, ശെമ്മാശന്മാർ, ഭദ്രാസന സമിതി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## മെഴുകുതിരി പ്രദക്ഷിണം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ എഴുപതാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ മാതൃ ഇടവകയായ പുതിയകാവ് ദൈവാലയത്തിൽ നിന്നും പുനരൈക്യത്തിനു ശേഷം ആദ്യ വി. കുർബാന അർപ്പിച്ച കല്ലുമല ദൈവാലയത്തിലേക്ക് മെഴുകുതിരി പ്രദക്ഷിണം നടത്തി. കല്ലുമല മാർ ഈവാനിയോസ് കോളേജ് ക്യാമ്പസിലൂടെ കല്ലുമല ദൈവലായത്തിലേക്ക് പ്രവേശിച്ച മെഴുകുതിരി പ്രദക്ഷിണത്തിനു ശേഷം മാവേലിക്കര ഭദ്രാസന വികാരി ജനറാൾ മോൺ. സ്റ്റീഫൻ കുളത്തുങ്കരോട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ധൂപപ്രാർത്ഥനയും




നടത്തപ്പെട്ടു.




## രാഷ്ട്രപതിക്ക് കത്ത്

മണിപ്പൂർ വിഷയത്തിൽ അടിയന്തരമായി ഇടപെടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി രാഷ്ട്രപതിക്ക് കത്തയച്ചു

www.malankaralibrary.com



## തീർത്ഥാടന പദയാത്ര




ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് ജൂലൈ 9 ന് രാവിലെ 7 മണിക്ക് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പുതിയകാവ്, സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് വി. കുർബാന അർപ്പിക്കപ്പെട്ടു. തുടർന്ന് പിതാവിന്റെ ജന്മഗൃഹമായ പണിക്കരുവീട്ടിലെ ധൂപ പ്രാർത്ഥനയോട് കൂടി എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി നേതൃത്വം നൽകുന്ന തീർത്ഥാടന പദയാത്രയ്ക്ക് തുടക്കമായി. മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്നും വള്ളിക്കുരിശ് ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജിയും എം.സി.വൈ.എം. പതാക ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജുവും ഏറ്റുവാങ്ങി. ആറു ദിവസങ്ങൾ നീണ്ടുനിന്ന തീർത്ഥാടന പദയാത്ര മാവേലിക്കര ഭദ്രാസനത്തിലെയും തിരുവനന്തപുരം അതിഭദ്രാസനത്തിലെയും വിവിധ ദൈവാലയങ്ങൾ സന്ദർശിച്ച് പട്ടം കബറിടത്തിൽ ജൂലൈ 14 ന് എത്തിചേർന്നു. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ തീർത്ഥാടന പദയാത്രയെ തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറൽ റൈറ്റ്. റവ. മോൺസിഞ്ഞോർ. തോമസ് കയ്യാലയ്ക്കലും പട്ടം കത്തീഡ്രൽ വികാരി റവ. ഫാ. ജോർജ്ജ് തോമസും ചേർന്ന് സ്വീകരിച്ചു

## Diocese of Puttur

### Commemoration of Mar Ivanios day




In commemoration of Mar Ivanios day and to initiate the participation in main Pilgrimage to the tomb of Mar Ivanios at Pattom, Trivandrum, MCYM Puttur diocese organised Padayatra for the laity of Puttur diocese."Padayatra began on July 13th at 3.30 pm at St. Mary's SMCC, Mangalore with a prayer service by Fr. John Puthenkandathil, Fr. Varghese Koottrazhiyathu and MCYM Diocesan director Fr. Thomas Kallolickal. After the prayer, President Babith N. V. received the cross from Fr. John Puthenkandathil and kick started the pilgrimage. "On the 14th, at 12.00 pm, at Mount Carmel Retreat Centre, Vettinad, the pilgrims from Puttur Diocese joined the main pilgrimage. During this momentous occasion, MCYM Puttur Director Fr. Thomas Kallolickal adorned the holy cross of the main Padayatra with garlands, and MCYM central director Fr. Prabheesh George did the same for the cross of Puttur Diocese. Subsequently, they joined the Main Pilgrimage to the Tomb of Servant of God.